ലാബ് ടെക്നീഷ്യൻ ഗ്രേഡ് II

127(2596) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലാബ് ടെക്നീഷ്യൻ ഗ്രേഡ്II തസ്തികയിലേക്ക് 24-7-2015-ൽ പി.എസ്.സി. അഡ്വൈസ് ചെയ്ത 21 ഉദ്യോഗാർത്ഥികളിൽ 12 പേർക്ക് നാളിതുവരെയും നിയമനം നൽകാത്തത് എന്തുകൊണ്ടാണെന്നും, പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമനം നൽകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

24-7-2015- ന് തിരുവനന്തപുരം പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ചെയ്ത 21 ഉദ്യോഗാർത്ഥികൾക്കും തിരുവനന്തപുരം ആരോഗ്യ വകുപ്പ് ജില്ലാ മേധാവി നിയമന ഉത്തരവ് നൽകിയിരുന്നു. തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാൽ സീനിയറായ 21 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 ജീവനക്കാരുടെ ലിസ്റ്റ് തിരുവനന്തപുരം ആരോഗ്യ വകുപ്പ് ജില്ലാ മേധാവിയിൽ നിന്നും സ്വീകരിച്ച് ഒഴിവുള്ള മറ്റു ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകിക്കൊണ്ടാണ് പി.എസ്.സി. അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമനം ഉത്തരവ് നൽകിയത്. അങ്ങനെ സ്ഥലംമാറ്റം നൽകിയ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1 ജീവനക്കാരിൽ കുറച്ചുപേർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ച് വ്യവഹാരം ഫയൽ ചെയ്തതിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ടി സ്ഥലമാറ്റ ഉത്തരവ് തടഞ്ഞു വച്ചതിനാലാണ് നിയമന ഉത്തരവ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കാൻ കഴിയാതെ വന്നത്. പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യാൻ വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

സ്വാശ്രയ കോളേജുകളും മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവും

128(2597) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ മെഡിക്കൽ കൗൺസിൽ അംഗീകാരം നൽകാതിരുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരത്തിനാവശ്യമായ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സ്വാശ്രയ മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യ വികസനവും, പ്രത്യേകിച്ച് പഠന-പരിശീലന സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ സർക്കാർ ഇടപെടൽ നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly